**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - പൊൻമുണ്ടം പഞ്ചായത്തിൽ വീടിന്റെ മേൽക്കൂര മാറ്റുന്നതിന് ധനസഹായം ആവശ്യമുള്ളവർക്ക് വേണ്ട ധനസഹായം നൽകുന്നതിനായി പ്രോ.നം.33/19 അടങ്കൽ 23,51,800/- രൂപ പ്രകാരവും പ്രോ.നം.150/19 അടങ്കൽ 2,60,000/- രൂപ പ്രകാരവും അധികമുള്ള തുക ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

**സ.ഉ(സാ.ധാ) നം.2972/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 22.11.2018**

================================================================

പരാമർശം:- 1. പൊൻമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 25.09.2018-ലെ 3/3-ാം നമ്പർ ഭരണസമിതി തീരുമാനം (SRG 883/18 CC-220/18)

2. മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.10.2018-ലെ കത്ത്.

3. 16.10.2018-ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 4.12 തീരുമാനം.

**ഉത്തരവ്**

പൊൻമുണ്ടം ഗ്രാമപഞ്ചായത്തിന്റെ ലൈഫ് ലിസ്റ്റിലുള്ള ഗുണഭോക്താക്കളുടെ എണ്ണം 27 ആണെങ്കിലും പരിശോധനയ്ക്കുശേഷം അർഹതയുള്ളവരുടെ എണ്ണം 5 ആണ് എന്നും ഇവർക്ക് വീട്ടു നിർമ്മിക്കാൻ (ലോൺ തുക കൂടാതെ) 20 ലക്ഷം രൂപ മതിയാകുമെന്നും പ്രോ.നം.33/19 (അടങ്കൽ 23,51,800/- രൂപ )പ്രകാരവും പ്രോ.നം.150/19 (അടങ്കൽ 2,60,000/- രൂപ) പ്രകാരവും അധികമുള്ള തുക മറ്റു മേഖലയിൽ ഉപയോഗിക്കാൻ അനുമതി നൽകണമെന്നും പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസർ മുഖേന പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

ഇക്കാര്യം സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. പരാമർശം (3) ന്റെ അടിസ്ഥാനത്തിൽ പ്രോ.നം.33/19 ,പ്രോ.നം.150/19 എന്നിവ പ്രകാരം അധികമുള്ള തുക പൊൻമുണ്ടം ഗ്രാമപഞ്ചായത്തിൽ വീടിന്റെ മേൽക്കൂര മാറ്റുന്നതിന് ധനസഹായം ആവശ്യമുള്ളവർക്ക് വേണ്ട ധനസഹായം നൽകുന്നതിനായി ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസർ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

സെക്രട്ടറി, പൊൻമുണ്ടം ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡിഎ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ